# ഹിജ്റ കലറും പുതുവർഷവും

നബി(സ്വ) ജനിച്ച വർഷത്തിൽ അബ്റഹത്തിന്റെ ആനപ്പട വിശുദ്ധ കഅബയെ അക്രമിക്കാൻ ശ്രമിച്ച സംഭവത്തെപ്പറ്റി വിശുദ്ധ ഖുർആനിലെ അലംതറകൈഫ... എന്ന അധ്യായത്തിൽ വിവരിച്ചിട്ടു്. അബാബീൽ പക്ഷികളെ അയച്ചുകൊ് ആനപ്പടയെ അല്ലാഹു നശിപ്പിച്ചു. മക്കയിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാന സംഭവമായിരുന്നു ഇത്. അതിനാൽ പിന്നീടുള്ള വർഷങ്ങളെ ആനക്കലഹത്തിന്റെ രാം വർഷം... മൂന്നാം വർഷം എന്നിങ്ങനെ അറബികൾ എണ്ണിത്തുടങ്ങി. പ്രധാന സംഭവത്തെ ആസ്പദമാക്കിക്കൊ് വർഷത്തെ എണ്ണുന്ന ഈ സമ്പ്രദായം അറബികളിൽ മാത്രല്ല, ലോകത്തെല്ലായിടത്തുമു്.

നബി(സ്വ)യുടെയും അബൂബക്കർ സിദ്ദീഖ്(റ)ന്റെയും വിയോഗശേഷം ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്ത് അനറബി പ്രദേശങ്ങളിൽ ഇസ്ലാം വ്യാപിച്ചപ്പോൾ ലോക മുസ്ലിംകൾക്ക് പൊതുവായി ഒരു കാലഗണനാ സമ്പ്രദായം വേണമെന്ന അഭിപ്രായം ഉയർന്നുവന്നു. ഏതു സംഭവം ആസ്പദമാക്കിയാണ് വർഷം എണ്ണിത്തുടങ്ങേതെന്ന ചർച്ചയിൽ വിവിധ നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെട്ടു. നബി (സ്വ)യുടെ ജനനം, പ്രവാചകത്വം, വഫാത് തുടങ്ങിയവ മുതൽ വർഷം എണ്ണിത്തുടങ്ങണമെന്ന പലവിധ നിർദ്ദേശങ്ങളുമുായെങ്കിലും ഒടുവിൽ ഹിജ്റ (നബി(സ്വ) മക്കയിൽ നിന്ന മദീനയിലേക്ക് പലായനം ചെയ്ത സംഭവം) ആസ്പദമാക്കിക്കൊ് കലർ ആരംഭിക്കണമെന്ന ഏകോപിത തീരുമാനത്തിൽ എത്തുകയായിരുന്നു.

ഒന്നാമത്തെമാസം ഏതായിരിക്കണമെന്നായി അടുത്തചർച്ച. റമളൻ, ദുൽഹിജ്ജ എന്നിങ്ങനെ പല വാദഗതികളും ഉയർന്നു. പക്ഷേ, യുദ്ധം നിഷിദ്ധമാക്കപ്പെട്ടിരുന്ന മാസം, ഹജ്ജ് കഴിഞ്ഞ് ജനങ്ങൾ തിരിച്ചെത്തുന്ന ഘട്ടം എന്നീ പ്രാധാന്യങ്ങൾ പരിഗണിച്ച് മുഹർറം, ഒന്നാമത്തെ മാസമായി തീരുമാനിക്കപ്പെട്ടു.

ഹിജ്റ നടന്നത് റബീഉൽ അവ്വൽ 12നാണ്.എന്നാൽ ഹിജ്റ വർഷത്തിന്റെ ഒന്നാം ദിവസം തുടങ്ങുന്നത് രുമാസവും പതിനൊന്ന് ദിവസവും മുമ്പുള്ള മുഹററം ഒന്ന് മുതലുമാണ്. ഈ വ്യത്യാസം ഗണിക്കേതില്ലെന്ന് ഉമറി(റ)ന്റെ കൂടിയാലോചനയിൽ പങ്കെടുത്തവർ ഐക്യകണ്ഠ്ന തീരുമാനിക്കുകയായിരുന്നു(ഹാശിയതുന്നഹ്വിൽ വാഫി 4/564).

ഖുർആന്നിൽ വൽഫജ്രി എന്ന് സത്യം ചെയ്ത പറഞ്ഞത് മുഹററം ഒന്നിന്റെ പ്രഭാതത്തെയാണെന്ന് അഭിപ്രായമു്(കലാൻ 498) വൽഫജ്രിയിൽ പരാമർഷിച്ച പ്രഭാതം മുഹർറം ഒന്നിന്റെ പ്രഭാതമാണെ ന്ന് ഇമാം ഖതാദ(റ) പറഞ്ഞിട്ടു്(ഗാലിയത്ത് 2/85). അല്ലാഹു സത്യസാക്ഷ്യമായി ഉപയോഗിച്ചവയ് ക്ക് പ്രധാന്യമുാകുമെന്ന് ഇമാം ഇബ്നു ഹജർ അൽ അസ്ഖലാനീ(റ) ഫത്ഹുൽബാരി 14/339ൽ പറഞ്ഞതായി ഹാശിയതുൽ ഇഖനാഅ് എന്ന ഗ്രന്ഥത്തിൽ കാണാം. അപ്പോൾ വൽഫജ്രി എന്ന വാ ചകത്തിൽ അല്ലാഹു എടുത്തുപറഞ്ഞ മുഹർറം ഒന്നിന്റെ പുലരി(പുതുവർഷപ്പുലരി) മുസ്ലിംകൾക്ക് സുപ്രധാനമാണ്.

കഴിഞ്ഞകാല പാപങ്ങളെല്ലാം മായ്ച്ചുകളയത്തക്കവിധത്തിലുള്ള നിഷ്ക്കളങ്കമായ തൗബയുമായി മാ ത്രമേ പുതുവർഷത്തെ സ്വാഗതം ചെയ്യാവൂ എന്ന് പണ്ഢിതന്മാർ ഒറ്റക്കെട്ടായി പഠിപ്പിച്ചിട്ടു്.

അബദ്ധത്തിലും അശ്രദ്ധയിലുമായി കഴിഞ്ഞകാലം നീ തീർത്തുകളഞ്ഞു. നിഷിദ്ധ കാര്യങ്ങൾ വർ ജ്ജിക്കാൻപോലും നിനക്ക് ബോധമുായില്ല. ഇനിയെങ്കിലും കണ്ണുനീർ വാർത്തുകൊ് മുൻകഴിഞ്ഞ പാപങ്ങളിൽ ഖേദിച്ച് പശ്ചാതാപത്തോടെ പുതുവർഷത്തെ വരവേൽക്കാൻ നീ തയാറാവുമോ? എങ്കിൽ, മുൻ കഴിഞ്ഞ പാപങ്ങൾ പുതുവർഷത്തിന്റെ പ്രാരംഭത്തോടെ മാഞ്ഞുപോകുമെന്ന കവിവാക്യമാണ് മുഹർറമിന്റെ ആരംഭത്തിലുള്ള ഉദ്ബോധനം (ഗാലിയത്ത് 2/86).

പുതുവത്സരാശംസകൾ സുന്നത്താണ്. പരസ്പര സ്നേഹവും സന്തോഷവും പ്രകടിപ്പിക്കലാണ് ആ ശംസകൾ നേരുന്നതിന്റെ പരമലക്ഷ്യം. തഖബ്ബലല്ലാഹു മിന്നാ വ മിൻക്കും(നമ്മിൽ നിന്നും നിങ്ങളിൽ നിന്നും അല്ലാഹു സ്വീകരിക്കട്ടെ) തുടങ്ങിയ ആശംസവാക്കുകളാണ് പറയേത്. കാണാനും തൊടാ നും പാടുള്ളവർ തമ്മിൽ ഹസ്തദാനം ചെയ്യലും സുന്നത്താണ്. തഖബ്ബലല്ലാഹു മിൻകും, അഹ് യാകുമുല്ലാഹു ലിൽ 'അമലിസ്സ്വാലിഹി, കുല്ല 'ആം വഅൻതും ബിഖൈർ(അല്ലാഹു നിങ്ങളിൽ നി ന്നും സ്വീകരിക്കട്ടെ, ഇതുപോലുള്ള പ്രവർത്തനം എപ്പോഴും നടത്താൻ ക്ഷേമത്തോടെ അല്ലാഹു താങ്കളെ ജീവിപ്പിക്കട്ടെ) എന്ന് പ്രത്യാശംസ നൽകലും സുന്നത്താണ്(ശർവാനി 3/56)

END